കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 05/2022 17.03.2022

# മാർച്ച് 28, 29 പണിമുടക്കുക
# തല ഉയർത്തിപ്പിടിച്ച് മനുഷ്യനായി ജീവിക്കാൻ

***In the dark times Will there also be singing?***
***Yes,there will also be singing. About the dark times: Bertolt Brecht***

ഇന്ത്യയിലങ്ങോളമിങ്ങോളമുള്ള തൊഴിലാളികളും കർഷകരും സാമാന്യ ജനങ്ങളും വലിയൊരു പ്രക്ഷോഭത്തിന് ഒരിക്കൽ കൂടി തയ്യാറാവുകയാണ്. 'ജനങ്ങളെ സംരക്ഷിക്കുക... രാജ്യത്തെ സംരക്ഷിക്കുക' എന്ന മുദ്രാവാക്യമുയർത്തി 2022 മാർച്ച് 28, 29 തീയ്യതികളിൽ രണ്ടു ദിവസത്തെ ദേശീയപണിമുടക്കിന് വളരെ വിപുലമായ തയ്യാറെടുപ്പുകളാണ് രാജ്യത്തെ കേന്ദ്ര ട്രേഡ് യൂണിയനുകളും കർഷകരും ബാങ്കിംഗ് സർവീസ് സംഘടനകളും നൂറുകണക്കിന് സ്വതന്ത്ര സംഘടനകളും എല്ലാം ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. ബാങ്കിംഗ് രംഗത്ത് ഗ്രാമീണ ബാങ്കുകൾക്കടക്കം സ്വകാര്യവൽക്കരണമെന്ന വാൾ തലക്കു മുകളിൽ തൂങ്ങി നിൽക്കുകയാണ്. തൊഴിൽ മേഖലയിലാകെ കടുത്ത ഭീഷണി നിലനിൽക്കുന്നു. ഈ പശ്ചാത്തലത്തിൽ BEFI, AIRRBEA ഉൾപ്പെടെയുള്ള ബാങ്കിംഗ് രംഗത്തെ പ്രധാന സംഘടനകളാകെ പണി മുടക്കാൻ തീരുമാനിച്ചിരിക്കയാണ്. പണിമുടക്ക് വൻ വിജയമാക്കാൻ കേരള ഗ്രാമീണ ബാങ്കിലെ മുഴുവൻ തൊഴിലാളികളും മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

2020 ഒക്ടോബർ 2 ന് ഡൽഹിയിൽ സംയുക്ത ട്രേഡ് യൂണിയനുകളുടെ മുൻകൈയിൽ നടന്ന വമ്പിച്ച തൊഴിലാളി കൺവെൻഷനിൽ INTUC ദേശീയ അധ്യക്ഷൻ Dr. ജി. സഞ്ജീവ റെഡ്ഡി പറഞ്ഞത് ഇങ്ങനെയാണ്. 'നിലവിലുള്ള കേന്ദ്ര സർക്കാർ പഴയ ബ്രിട്ടീഷ് രാജിന്റെ കാലത്തേക്കാണ് രാജ്യത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. നമുക്ക് മുമ്പിൽ രണ്ടു മാർഗങ്ങളെയുള്ളൂ. ഒന്നുകിൽ നിശ്ശബ്ദരായി അടിമകളാവുക അല്ലെങ്കിൽ നിലനില്പിനായി പോരാടുക. ധീരരായ തൊഴിലാളികൾ രണ്ടാമത്തെ മാർഗം മാത്രമാണ് സ്വീകരിക്കുക'. കാൽ നൂറ്റാണ്ടു മുമ്പ് ആഗോളവൽക്കരണത്തിന്റെ മഹത്വം പാടിയവർ പോലും ഇന്ന് കൺമുന്നിലെ യാഥാർത്ഥ്യങ്ങളിലേക്ക് തിരിച്ചു വന്നിരിക്കുന്നു. ആഗോളപട്ടിണി സൂചികയിൽ 101-ാം സ്ഥാനത്തേക്ക് പിൻതള്ളപ്പെട്ടിരിക്കുന്നു ഇന്ത്യ. വിലക്കയറ്റത്തിന്റെ തോത് ഈ ഫെബ്രുവരിയിൽ 13.11 ശതമാനമായി കുതിച്ചുയർന്നിരിക്കുന്നു. ഭക്ഷ്യവസ്തുക്കൾക്ക് 8.19, പഴവർഗങ്ങൾക്ക് 10.3 ശതമാനം വീതം. ഭരണകൂടനയങ്ങൾ വിശദീകരണം ആവശ്യമില്ലാത്ത വിധം ജനവിരുദ്ധമെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. വിപുലമായ ഐക്യത്തോടെ ഒന്നിച്ചു നിന്നാൽ ഏതു കൊലകൊമ്പന്മാരെയും മുട്ടുകുത്തിക്കാമെന്ന് ഒരു വർഷത്തോളം നീണ്ടു നിന്ന കർഷക പ്രക്ഷോഭം തെളിയിച്ചു കഴിഞ്ഞു.

രാജ്യത്തെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയെയും ജീവിതത്തെയും ഗുരുതരമായി ബാധിക്കുന്ന തൊഴിൽ നിയമ ഭേദഗതികൾ പിൻവലിക്കുക, രാജ്യസുരക്ഷയെപ്പോലും ബാധിക്കുന്ന തരത്തിൽ ആയുധ നിർമാണശാലകളടക്കം സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, National Monetisation Pipeline എന്ന പേരിട്ട് രാജ്യത്തിന്റെ റെയിൽവേ, റോഡുകൾ അടക്കമുള്ള പൊതുസ്വത്ത് മുഴുവൻ സ്വകാര്യ കുത്തകകൾക്ക് വിറ്റഴിക്കാനുള്ള നീക്കം പിൻവലിക്കുക, കർഷക സമരത്തിലെ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുക, നാഷണൽ പെൻഷൻ സിസ്റ്റം നിർത്തലാക്കുക, പഴയ പെൻഷൻ സംവിധാനം പുനഃസ്ഥാപിക്കുക, ഇൻകം ടാക്സ് പരിധിയിൽ വരാത്ത മുഴുവൻ കുടുംബങ്ങൾക്കും പ്രതിമാസം 7500 രൂപയും ഭക്ഷ്യവസ്തുക്കളും നൽകുക, ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ 200 ദിനമെങ്കിലും തൊഴിൽ ഉറപ്പു വരുത്തുക, പദ്ധതിക്ക് കേന്ദ്ര സർക്കാർ വിഹിതം വർദ്ധിപ്പിക്കുക, അസംഘടിതമേഖലാ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുക, അങ്കണവാടി ജീവനക്കാർ, ആശാവർക്കർമാർ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർക്ക് വേതന വർദ്ധനയും, സാമൂഹ്യ സുരക്ഷയും ഇൻഷുറൻസ് സംരക്ഷണവും ഉറപ്പുവരുത്തുക, വൻകിടക്കാർക്ക് ഉയർന്ന നികുതി ചുമത്തിക്കൊണ്ട് കാർഷിക ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ വൻതോതിൽ നിക്ഷേപം നടത്തുക, പെട്രോളിയം ഉല്പന്നങ്ങളുടെ വിലക്കയറ്റം തടയുക, എല്ലാ മേഖലയിലും താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, മിനിമം വേതനം ഉറപ്പുവരുത്തുക, തുല്യ ജോലിക്ക് തുല്യവേതനം നൽകുക തുടങ്ങി ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും ബാധിക്കുന്ന നിരവധി ഡിമാൻറുകളാണ് സമരത്തിൽ ഉയർത്തുന്നത്. ഗ്രാമീണ ബാങ്കിംഗ് മേഖലയിൽ NRBI രൂപീകരിക്കുക, വേതന പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക, റിക്രൂട്ട്മെന്റ് പ്രമോഷൻ നിയമങ്ങൾ പരിഷ്ക്കരിക്കുക, ദിവസവേതനത്തൊഴിലാളികളെ സ്ഥിരപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളും ഈ സമരത്തിൽ ഉന്നയിക്കുന്നുണ്ട്.

kartine29.deviantart

ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന് നൂറു വർഷത്തോളം ചരിത്രമുണ്ട്. സമാനമായ മറ്റൊരു ചരിത്രത്തിനു തുടക്കം കുറിക്കുന്ന ദീർഘമായ ഒരു പോരാട്ടത്തിന്റെ ചുവടുവെപ്പുകളാണ് 1991 മുതൽ നാം നടത്തിക്കൊണ്ടിരിക്കുന്ന ഓരോ പണിമുടക്കങ്ങളും മറ്റു പ്രക്ഷോഭങ്ങളും. ഓരോ പ്രക്ഷോഭത്തിലും പങ്കെടുക്കുന്ന ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ഈ പണിമുടക്കിൽ തൊഴിലാളികളോടൊപ്പം നൂറുകണക്കിന് കർഷക സംഘടനകളും പങ്കെടുക്കുന്നു. നമ്മുടെ ഓരോരുത്തരുടേയും പങ്കാളിത്തം ചരിത്രത്തിന്റെ ഭാഗമാണ്. അതെ, നാം പുതിയ ചരിത്രം സൃഷ്ടിക്കുകയാണ്.

കർഷകരും തൊഴിലാളികളും യുവതീ യുവാക്കളും വിദ്യാർത്ഥികളും തൊഴിലില്ലാത്തവരും എല്ലാവരും വിപുലമായ ഐക്യത്തോടെ, ഒറ്റമനസ്സോടെ 'ജനങ്ങളെ സംരക്ഷിക്കുക... രാജ്യത്തെ സംരക്ഷിക്കുക' എന്ന മുദ്രാവാക്യമുയർത്തി നടത്തുന്ന ദേശാഭിമാനപ്രേരിതമായ ഈ പണിമുടക്കിലും അതിന്റെ വിജയത്തിനാവശ്യമായ അനുബന്ധ പ്രവർത്തനങ്ങളിലും, കേരള ഗ്രാമീണ ബാങ്കിലെ മുഴുവൻ തൊഴിലാളികളും പങ്കെടുക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു. നാമോരോരുത്തരും പോരാടുന്നത് തലയുയർത്തി ആത്മാഭിമാനത്തോടെ മനുഷ്യനായി ജീവിക്കാനുള്ള അവകാശത്തിനു വേണ്ടിയാണ്. മാർച്ച് 28, 29 ദ്വിദിന പണിമുടക്കം വൻ വിജയമാക്കുക. കൂടുതൽ കരുത്തോടെ ശക്തിയായി മുന്നോട്ടു സഞ്ചരിക്കാൻ എല്ലാവരുടെയും സഹായങ്ങൾ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU
Mob: 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU
Mob: 9447383184

kartine29.deviantart